PROCEEDINGS
of
THE TRAVANCORE LEGISLATIVE ASSEMBLY.

FIRST ASSEMBLY.

SECOND SESSION.

Vol. II. No. 3.

Friday the 6th August 1948, 22nd Karkadakam 1124.

The Travancore Legislative Assembly met in the Legislative Chamber, Trivandrum, on Friday the 22nd Karkadakam 1124/6th August 1948 at eleven of the clock with the President (the Honourable Mr. A. J. John) in the Chair.

QUESTIONS AND ANSWERS.

കാളനി സ്ഥലം.

70. Mr P. K. KRISHNAN SASTRI (*Meenachil—Pulaya Reserved*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) കൊട്ടാരക്കര വെളിയം പകുതിയിൽ പിന്നോക്കസമുദായ കാളനിക്കുവേണ്ടി നീക്കിവച്ചിട്ടുള്ള സ്ഥലം ഡിപ്പാർട്ടുമെന്റിൽനിന്നും ഏറ്റുവാങ്ങിട്ടുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെന്റിനു ഒരുക്കമുണ്ടാകുമോ?

(ബി) ഉണ്ടെങ്കിൽ ടി സ്ഥലത്തു കാളനിവ്യവസ്ഥ അനുസരിച്ചുള്ള പ്രവർത്തനവും ആരംഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്തെല്ലാമെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെന്റിനു ഒരുക്കമുണ്ടാകുമോ?

(സി) ടി സ്ഥലത്തു ഒരു പയൽസ്കൂളും വായനശാലയും സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെന്റിനു ഒരുക്കമുണ്ടാകുമോ?

HON'BLE MR. G RAMACHANDRAN : (എ) ഉണ്ട്.

(ബി) ഉണ്ട്. ശുദ്ധജലം കിട്ടത്തക്കവണ്ണം വേണ്ട സൗകര്യം ചെയ്തിട്ടുണ്ട്.

(സി) ഇല്ല. അതിനുവേണ്ട പ്രവർത്തനം നടത്താനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. K. KRISHNAN SASTRI : അവിടെ മറ്റു കാളനി നിയമ പ്രകാരമുള്ള പ്രവർത്തനങ്ങൾ എന്താണ് ചെയ്തുവരുന്നത്?

HON'BLE MR. G. RAMACHANDRAN : കുടിപ്പുമായി എന്തു വ്യവസ്ഥയാണ് ചെയ്തിട്ടുള്ളത് എന്നു പറയാൻ നിവൃത്തിയില്ല.

പിന്നോക്കസമുദായങ്ങൾക്കു പതിച്ചുകൊടുക്കുന്ന സ്ഥലങ്ങൾ.

71. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി ദയവു മറുപടി പറയുമോ?

മീനച്ചിൽ താലൂക്കിൽ ഓരോ പകുതിയിലും പിന്നോക്കസമുദായങ്ങൾക്കു പതിച്ചുകൊടുക്കുവാൻ നീക്കിവച്ചിട്ടുള്ള സ്ഥലങ്ങൾ എതെയെന്നും, അതിൽ പതിച്ചുകൊടുത്തിട്ടുള്ളവ എത്രവീതമെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ട്.*

MR. P. K. KRISHNAN SASTRI : എത്ര സ്ഥലം പതിച്ചുകൊടുത്തു എന്നു പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : പിന്നോക്കസമുദായക്കാർക്ക് പതിച്ചുകൊടുക്കാൻ ആകെ നീക്കിവച്ചിട്ടുള്ള സ്ഥലം നാല്പത് ഏക്കർ ഒരു സെൻറാണ്. അതിൽ പതിച്ചുകൊടുത്തിട്ടുള്ളതു മുന്നൂറ് ഏക്കർ തൊണ്ണൂറ് സെൻറ്.

MR. P. K. KRISHNAN SASTRI : ബാക്കി സ്ഥലം പതിച്ചുകൊടുക്കാതിരിക്കാൻ വല്ല കാരണവും ഉണ്ടോ?

HON'BLE MR. G. RAMACHANDRAN : പ്രത്യേകിച്ചു കാരണം ഉള്ളതായി അറിവില്ല.

MR. K. R. ELANKATH (*Trivandrum IV—General*) : വല്ല നിർദ്ദിഷ്ട പദ്ധതിയും അനുസരിച്ചാണോ പതിച്ചുകൊടുക്കുന്നത്?

HON'BLE MR. G. RAMACHAHNDRAN : അങ്ങനെ ആണെന്നാണ് അനുമാനിക്കേണ്ടതു്.

* Vide Appendix A.

LIBRARY ARCHIVES Kerala Legislative Assembly